(ബി) കരുനാഗപ്പള്ളി താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് ആരോഗ്യ വകുപ്പ് തുടർന്നുവരുന്നത്. ഇതനുസരിച്ച് ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്കാശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടത്തിവരുന്നത്. കരുനാഗപ്പള്ളി ആശുപത്രിയെ താലൂക്ക് തല ആശുപത്രിയുടെ തലത്തിൽ സൗകര്യം വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

തൊടുപുഴ ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ നിയമനം

190 (1556) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

പരിശോധിച്ചുവരുന്നു.

(ബി) നെഫ്രോളജിസ്റ്റിനെ നിയമിച്ചാൽ ഇരട്ടിയിലധികം ആളുകൾക്ക് ഡയാലിസിസ് നൽകാമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നെഫ്രോളജിസ്റ്റിനെ കൂടാതെ ഫിസിഷ്യൻ, ജൂനിയർ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, ഡയാലിസിസ് മെഷീനുകൾ, ഡയാലിസിസ് യൂണിറ്റുകൾ കൂടുതൽ ഷിഫ്റ്റുകൾ എന്നിവയുടെയെല്ലാം എണ്ണം വർദ്ധിപ്പിച്ചാലെ ഇരട്ടിയിലധികം ആളുകൾക്ക് ഡയാലിസിസ് നൽകാൻ സാധിക്കുകയുള്ളൂ.

കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന ഐസൊലേഷൻ വാർഡുകൾ

191 (1557) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കോഴിക്കോട് ജില്ലയിൽ പകർച്ചവ്യാധി തടയുന്നതിന് എത്ര ഐസൊലേഷൻ വാർഡുകൾ പുതിയതായി സ്ഥാപിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly